28
ജൂലൈ 2023
വെള്ളി
Pages- 7
Vol. 2 Issue 175

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
544

മണിപ്പൂർ സ്പെഷ്യൽ പതിപ്പ്

# മനം തകർന്ന് മണിപ്പൂർ



**മണിപ്പൂരിന്റെ തേങ്ങലുകൾ... വിങ്ങലുകൾ .. ഇവയൊക്കെയാണ് ഇന്നത്തെ ക്രിസ്ത്യൻ ലൈവിന്റെ പേജുകളിൽ നിറയുന്നത്. ലോക മനസാക്ഷിയെ തകർക്കുന്ന വാർത്തകളും കാഴ്ചകളുമാണ് മണിപ്പൂരിൽ നിന്നും ഓരോ ദിവസവും പുറത്ത് വരുന്നത്. മണിപ്പൂരിലെ സഹോദരങ്ങളെയോർത്ത് നമുക്ക് പ്രാർത്ഥിക്കാം**



## എഡിറ്റോറിയൽ
## ക്രിസ്ത്യൻ ലൈവ്

2023 ജൂലൈ 28 വെള്ളി

# മണിപ്പൂരിൽ നിന്നും മുഴങ്ങുന്ന അപായ മണി


**മണിപ്പൂരിലെ സ്ത്രീയുടെ ചിത്രം ആധുനിക ഇന്ത്യയുടെ ദുരന്ത ചിത്രമാണ്. ഏതായാലും ഇതിനു തൊട്ടുമുൻപ് വരെ ചർച്ചുകൾ സന്ദർശിച്ചും ഈസ്റ്റർ ആഘോഷിച്ചും സ്ഥാനമാനങ്ങൾ നൽകിയും വെള്ളപൂശുവാനുള്ള ശ്രമങ്ങൾ എല്ലാം വലിയ പരാജയത്തിൽ വന്നെത്തിയിരിക്കയാണ്**

വിയറ്റ്നാം യുദ്ധത്തിന്റെ ഭീകരത ലോകം കണ്ടത് നഗ്നയായി ഓടുന്ന ഒരു പെൺകുട്ടിയുടെ ചിത്രം വിശ്വപ്രചാരം നേടിയപ്പോളാണ്. ആ ഒരൊറ്റ ചിത്രം അമേരിക്കൻ ജനതയുടെ മനഃസാക്ഷിയെപ്പോലും പിടിച്ചുലച്ചു. അതിനു സമാനമായ ഒരു ചിത്രമാണ് മണിപ്പൂരിൽ നിന്നും വെളിയിൽ വന്നത്. ആ ക്ലിപ്പുകൾ വെളിയിൽ വന്നതുമുതൽ വമ്പന്മാർ മൗനത്തിൽ നിന്നും വെളിയിൽ വന്നിരിക്കുകയാണ്. ലോക മനഃസാക്ഷിയിൽ ആധുനിക ഇന്ത്യയുടെ ദുരന്ത കഥയെ വരച്ചുകാട്ടുന്നതായിരുന്നു ആ വിഡിയോ. ഒരു ക്രിസ്തീയ വനിതയെ ഒരു വലിയ കൂട്ടം പുരുഷന്മാർ വലിച്ചിഴച്ചുകൊണ്ടു പോയി പീഡിപ്പിക്കുന്നു. ഉത്തർ പ്രദേശിലും മധ്യപ്രദേശിലും പോലീസ് ചെയ്യുന്നതുപോലെ, അക്രമം നടക്കുമ്പോൾ അതിനവർ വെറും സാക്ഷികൾ ആകുന്നു.

എൺപതു ദിവസം ഇന്റർനെറ്റ് സൗകര്യം നിഷേധിച്ചപ്പോൾ അവിടെ നടന്ന കാര്യങ്ങൾ എന്തൊക്കെയായിരിക്കും എന്നൂഹിക്കാൻ സാധ്യമല്ല. പുറംലോകമറിയാതെ എത്ര ജീവിതങ്ങൾ അവിടെ തകർന്നിട്ടുണ്ടാകും. ഈ വിഡിയോ വൈറൽ ആയതോടെ സുപ്രീം കോടതി കേന്ദ്ര സംസ്ഥാന ഭരകൂടങ്ങളെ താക്കീതു ചെയ്തു. ചിലർ രാജി വച്ച് പ്രതിക്ഷേധം കാണിച്ചു. പ്രമുഖർ പ്രതീകരണങ്ങളുമായി മുന്നോട്ട് വന്നു. എന്നാൽ എൺപതു ദിവസം കഴിഞ്ഞു ചിലർ വാ തുറന്നു സംഭവങ്ങളെ അപലപിച്ചു എങ്കിലും പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിലും സമാന സംഭവങ്ങൾ സംഭവിക്കുന്നു എന്ന് പറഞ്ഞു ഈ നികൃഷ്ട സംഭവത്തെ ലഘൂകരിക്കുവാനും അവർ മറന്നില്ല.
നാം ആസ്വദിക്കുന്ന ഇന്ത്യയുടെ സമാധാനം ഏതു നിമിഷവും അസ്തമിക്കാം എന്നതിന്റെ ഒരുദാഹരണമാണ് മണിപ്പൂർ. മണിപ്പൂർ ഒരു മണി നാദമാണ്. ഏതു നിമിഷവും മണിപ്പൂരിനെ പോലെ പൊട്ടിതെറിക്കുവാൻ ശേഷിയുള്ള അനേകം ഗ്രാമങ്ങൾ ഇന്ത്യയിൽ നിലവിലുണ്ട്. ബാഹ്യമായ ഒരു ശക്തിയുടെ ഒരു ചെറിയ പ്രലോഭനം മാത്രം മതി കലാപങ്ങൾ സംഭവിക്കുവാൻ. ഇങ്ങനെയുള്ള ചെറുതും വലുതുമായ എത്രയോ സംഭവങ്ങൾ ഇന്ന് ഇന്ത്യയിൽ നടക്കുന്നു. ഇതൊരിക്കലും മറ്റിടങ്ങളിലേക്ക് വ്യാപിക്കരുത്. ഇങ്ങനെയാണ് ഇന്ത്യ, ഇതിവിടെ നടക്കും എന്ന ഒരു മനോഭാവം സൃഷ്ടിക്കപ്പെടുവാൻ അനുവദിക്കരുത്. ഇങ്ങനെയൊരു പ്രതികൂല സാഹചര്യത്തെ നേരിടുവാനുള്ള ശക്തി ഇന്ന് നമുക്കില്ല. പീഡനങ്ങൾക്ക് ക്രൈസ്തവർ ഇപ്പോഴും ഇരകൾ മാത്രമാണ്.

മണിപ്പൂരിലെ സ്ത്രീയുടെ ചിത്രം ആധുനിക ഇന്ത്യയുടെ ദുരന്ത ചിത്രമാണ്. ഏതായാലും ഇതിനു തൊട്ടുമുൻപ് വരെ ചർച്ചുകൾ സന്ദർശിച്ചും ഈസ്റ്റർ ആഘോഷിച്ചും സ്ഥാനമാനങ്ങൾ നൽകിയും ഒക്കെ വെള്ളപൂശുവാനള്ള ശ്രമങ്ങൾ എല്ലാം വലിയ പരാജയത്തിൽ വന്നെത്തിയിരിക്കയാണ്. ക്രൈസ്തവർ ഒരു മനസ്സോടെ ഇപ്പോൾ മണിപ്പൂരിൽ നടക്കുന്ന ക്രൈസ്തവ നരഹത്യക്കെതിരെ പ്രതീകരിക്കുവാൻ തുടങ്ങിയിരിക്കുന്നു. ക്രൈസ്തവ മേലധ്യക്ഷന്മാർക്ക് ന്യൂനപക്ഷ പ്രീണനം ഒരു മുഖം മൂടി മാത്രമാണെന്ന് മനസ്സിലായിരുന്നു.

നൂറുകണക്കിന് സഭാഹാളുകളും ക്രിസ്തീയ പ്രസ്ഥാങ്ങളും മണിപ്പുരിൽ തകർന്നു വീണു. സഭ എന്നത് കെട്ടിടമില്ല എന്ന് മണിപ്പൂരിലെ ക്രിസ്ത്യാനികൾ തെളിയിച്ചിരിക്കുകയാണ്. കാടുകളിലും റിലീഫ് ക്യാമ്പുകളിലും അഭയം തേടിയ ദൈവമക്കൾ ആരാധിക്കുകയും പരസ്പരം കൈത്താങ്ങൽ നൽകി വചനത്താൽ ഉറക്കുകയും ചെയ്യുന്നു. കെട്ടിടങ്ങൾ തകർക്കാം പക്ഷെ, മണിപ്പുരിന്റെ മണ്ണിൽ നിന്നും ക്രിസ്തീയ മാർഗ്ഗത്തെ തുടച്ചു നീക്കുവാൻ ഒരിക്കലും സാധ്യമല്ല.



ബ്ലസ്സൻ ചെറിയാൻ,
കാനഡ

# മണിപ്പൂർ ഐക്യദാർഢ്യ സമാധാന നൈറ്റ് മാർച്ച് നടത്തി

സ്തവ സഭകളുടെ സഹകരണത്തോടെ നാഷനൽ ക്രിസ്റ്റ്യൻ മൂവ്മെന്റ് ഫോർ ജസ്റ്റിസ് തിരുവല്ലയിൽ മണിപ്പൂർ ഐക്യദാർഢ്യ സമാധാന നൈറ്റ് മാർച്ച് സംഘടിപ്പിച്ചു. മാർച്ച് തുകലശേരി സെന്റ് തോമസ് സിഎസ്ഐ പള്ളിയങ്കണത്തിൽ നിന്നും ആരംഭിച്ച് ബൈപാസ് വഴി ടൗൺ ചുറ്റി സെന്റ് ജോൺസ് കത്തീഡ്രൽ പള്ളിയങ്കണത്തിൽ സമാപിച്ചു.
ഡോ തീയഡോഷ്യസ് മാർത്തോമാ മെത്രാപ്പോലീത്ത, ആർച്ച് ബിഷപ്പ് ഡോ തോമസ് മാർ കൂറിലോസ്, ഡോ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ ഗീവർഗ്ഗീസ് മാർ കൂറിലോസ്, മാത്യൂസ് മാർ സിൽവാനോസ്, ബിഷപ്പ് തോമസ് സാമുവേൽ, മേജർ ഒ പി ജോൺ, പാസ്റ്റർ രാജു പൂവക്കാല, പാസ്റ്റർ ജെ ജോസഫ്, നാഷനൽ ക്രിസ്റ്റ്യൻ മൂവ്മെന്റ് ഫോർ ജസ്റ്റിസ് സംസ്ഥാന പ്രസിഡന്റ് അഡ്വ. പ്രകാശ് പി തോമസ്, ഫാദർ പവിത്ര സിംഗ്, റവ. അലക്സ് പി ഉമ്മൻ , ഫാദർ ബെന്യാമിൻ ശങ്കരത്തിൽ, ഫാദർ പി എ ഫിലിപ്പ്, ജോജി ഐപ്പ് മാത്യൂസ് , ഫാദർ കോശി ഫിലിപ്പ്, ബിനു വി ഈപ്പൻ, അലക്സ് മേൽപ്പാടം, കോശി ജേക്കബ്, റെജി തർക്കോലി എന്നിവർ പ്രസംഗിച്ചു.





## ഒരിക്കലും പൊറുക്കാനാവില്ല

മണിപ്പൂരിലെ പെൺമക്കൾക്ക് സംഭവിച്ചത് ഒരിക്കലും പൊറുക്കാനാവില്ല. ഒരു കുറ്റവാളിയും രക്ഷപ്പെടില്ലെന്ന് ഞാൻ രാജ്യത്തിന് ഉറപ്പുനൽകുന്നു. നിയമം അതിന്റെ എല്ലാ ശക്തിയോടെയും പ്രവർത്തിക്കും. എന്റെ ഹൃദയം വേദനയും കോപവും കൊണ്ട് നിറഞ്ഞിരിക്കുന്നു. മണിപ്പൂരിലെ സംഭവം ഏതൊരു പരിഷ്കൃത സമൂഹത്തിനും ലജ്ജാകരമാണ്.

നരേന്ദ്ര മോദി
പ്രധാന മന്ത്രി



## ഇന്ത്യക്ക് നിശബ്ദമായി ഇരിക്കാനാവില്ല

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൗനവും ഇടപെടലും ഇല്ലാത്തതാണ് മണിപ്പൂരിനെ അരാജകത്വത്തിലേക്ക് നയിച്ചത്. ഇന്ത്യയെന്ന ആശയം ആക്രമിക്കപ്പെടുമ്പോൾ ഇന്ത്യക്ക് നിശബ്ദമായി ഇരിക്കാനാവില്ല

രാഹുൽ ഗാന്ധി





## ആസൂത്രിതമായ ക്രൈസ്തവ വേട്ട

ആസൂത്രിതമായ ക്രൈസ്തവ വേട്ടയാണ് മണിപ്പൂർ കലാപത്തിന്റെ മറവിൽ നടക്കുന്നത്. ഗോത്രവിഭാഗങ്ങളുടെ ക്രൈസ്തവ ദേവാലയങ്ങൾ സംഘടിതമായി ആക്രമിച്ചു തകർക്കുന്ന നിലയാണ്. സമാധാനം പുനഃസ്ഥാപിക്കാൻ ബാധ്യസ്ഥരായവർതന്നെ കലാപം ആളിക്കത്തിക്കാൻ ശ്രമിക്കുന്നതായാണ് വാർത്തകൾ വരുന്നത്. മണിപ്പൂർ വിഷയത്തിലെ കേന്ദ്ര സർക്കാരിന്റെ കുറ്റകരമായ മൗനവും സംഘപരിവാർ അജൻഡയും ശക്തമായി വിമർശിക്കപ്പെടുകയാണ്.

പിണറായി വിജയൻ മുഖ്യമന്ത്രി



## ഗോത്രവർഗങ്ങൾ തമ്മിലുള്ള കലാപം

മണിപ്പൂർ കലാപത്തിന്റെ പേരിൽ കേരളത്തിലെ ജനങ്ങളെ മുഖ്യമന്ത്രി പിണറായി വിജയൻ തെറ്റിദ്ധരിപ്പിക്കുകയാണ്.
ഗോത്രവർഗങ്ങൾ തമ്മിലുള്ള കലാപം മതത്തിന്റെ പേരിലാക്കി സംസ്ഥാനത്തെ ജനങ്ങളെ ഭിന്നിപ്പിക്കാൻ മുഖ്യമന്ത്രിയുടെ പാർട്ടി കുറേനാളുകളായി ശ്രമിക്കുന്നുണ്ട്. സി.പി.എമ്മിന്റെ വ്യാജപ്രചരണം സംസ്ഥാന മുഖ്യമന്ത്രിയും ഏറ്റെടുത്തത് ദൗർഭാഗ്യകരമാണ്

കെ.സുരേന്ദ്രൻ
ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ



## കലാപത്തിന് ഭരണകൂടത്തിന്റെ പിന്തുണ

വി.ഡി. സതീശൻ
പ്രതിപക്ഷ നേതാവ്

മണിപ്പൂരിൽ ക്രൈസ്തവർക്ക് നേരെ നടക്കുന്നത് ഞെട്ടിക്കുന്ന അക്രമങ്ങളാണ്.മണിപ്പൂരിലെ സംഘർഷബാധിത പ്രദേശത്ത് നിന്ന് രക്ഷപ്പെട്ട പാലാ രൂപതാംഗം ബിഷപ്പ് ജോസ് മുകാലയുമായി ഫോണിൽ ഞാൻ സംസാരിച്ചിരുന്നു.
നൂറിലേറെ ക്രൈസ്തവരെ കലാപകാരികൾ ക്രൂരമായി വധിച്ചു. പള്ളികളും ക്രൈസ്തവ സ്ഥാപനങ്ങളും കൊള്ളയടിച്ച ശേഷം തീവെച്ചു നശിപ്പിച്ചു. ഒരു സംസ്ഥാന ഭരണകൂടത്തിന്റെ പിന്തുണയോടെയാണ് ഈ തേർവാഴ്ച എന്നത് ഞെട്ടിപ്പിക്കുന്നതാണ്.





EDITORIAL BOARD

Chief Editor: Blessin John Malayil
Managing Editor Aji George
Publisher Nelson George

Editors: Pr Sajo Thonikkuzhiyil, Pr. Titus Johnson, Pr. Sam Elambal, Joji Iype Mathews, Pr. Shibu Thomas, Oklahoma., Pr. Blesson Cherian, Canada., Rojin Pynummoodu, Duglus Joseph, Sis.Jessy Koshy, Sis.Blessy Rufus


+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

അഭിമുഖം



# അറിയാൻ ചില യാഥാർത്ഥ്യങ്ങൾ



എക്ലേഷ്യ യുണൈറ്റഡ് ഫോറം ചെയർമാനും മണിപ്പൂരിൽ സമാധാന പ്രവർത്തനങ്ങളിൽ മുൻ നിരയിൽ നിന്ന് പ്രവർത്തിക്കുന്നതുമായ റവ. ഡോ. ജോൺസൺ തേക്കടയിൽ അച്ചനുമായി ക്രിസ്ത്യൻ ലൈവ് പ്രതിനിധി സിഞ്ചു മാത്യു നടത്തിയ അഭിമുഖം

*മണിപ്പൂരിൽ നേരത്തെ പോയിട്ടുണ്ടോ? മണിപ്പൂരുമായിട്ടുള്ള ബന്ധം ? എന്താണ് ഈ യാത്രയുടെ ഒക്കെ പിന്നിലെ ഉദ്ദേശം എന്താണ് ?*

ഞാൻ ഇതിനു മുൻപ് മണിപ്പൂരിൽ പോയിട്ടില്ല. മണിപ്പൂരുകാർ ഒരുപാട് പേർ എന്റെ കൂടെ സെമിനാരിയിൽ പഠിച്ചിട്ടുണ്ട്. ഞാൻ സെമിനാരിയുടെ പ്രിൻസിപ്പാൾ ആയിരിക്കുമ്പോൾ മണിപ്പൂരിൽനിന്നും വിദ്യാർത്ഥികൾ അവിടെ പഠിച്ചിട്ടുണ്ട്. മണിപ്പൂരിൽ മാത്രമല്ല പ്രശ്നങ്ങൾ ഉണ്ടാകുന്ന പല മേഘലകളും സന്ദർശിച്ചിട്ടുണ്ട്. ചത്തിസ്ഗഢിലെ നാരാൺപൂർ എന്ന സ്ഥലത്ത് അവിടെ ചില കലാപങ്ങൾ ഉണ്ടായപ്പോൾ അവിടെ പോകുകയും ആളുകളെ കാണുകയും പ്രശ്നപരിഹാരത്തിനു അവിടുത്തെ ഗവൺമെന്റുമായി സംസാരിക്കുകയും ചെയ്തിട്ടുണ്ട്. പല സ്ഥലങ്ങളിലും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവിടെ കടന്നു പോകുകയും വേണ്ടുന്ന സഹായം എത്തിക്കുകയും ചെയ്യാറുണ്ട്.

ഇപ്പോൾ മണിപ്പൂരിൽ പോകാനായിട്ടുള്ള കാരണം അവിടെ നിന്നും കിട്ടിയ വാർത്തകൾ, കലാപം ഉണ്ടായതിന് പിറ്റേന്നു മുതൽ എന്റെ സുഹൃത്തുക്കൾ പരിചയക്കാർ പലരും വിളിക്കുകയും അവിടുത്തെ പ്രശ്നങ്ങൾ പറയുകയും ചെയ്തു. ഇവിടെ പ്രചരിച്ചതായിട്ടുള്ള പല കാര്യങ്ങളും കേട്ടു കഴിഞ്ഞപ്പോൾ ഒരുപാട് പൊരുത്തക്കേടുകൾ തോന്നി, ഇതിന്റെ യാഥാർത്ഥ്യം അറിയാനും കലാപത്തിൽ യാതന അനുഭവിക്കുന്നവരെ ജാതി മത വഗ്ഗവ്യത്യസമില്ലാതെ സഹായിക്കുക എന്ന ഉദ്ദേശത്തടെയാണ് ആദ്യമായി അവിടെ പോകുന്നത്. അത് ജൂൺ മാസത്തിൽ രണ്ടാം വാരത്തിൽ ആണ്. എല്ലാം കണ്ട് കഴിഞ്ഞാണ് ഇവിടെ പ്രചരിപ്പിക്കുന്ന കാര്യങ്ങളുമായി യാതൊരു ബന്ധവുമില്ലെന്ന് മനസ്സിലാകുകയും അത് കൃത്യമായി നമ്മുടെ നാട്ടിലും, മറ്റ് സ്ഥലങ്ങളിലും അവതരിപ്പിക്കുകയും ചെയ്തു. അങ്ങനെ ദൈവമക്കൾ പ്രാർത്ഥിക്കാനിടയകുകയും സഹായങ്ങൾ ആവശ്യമായിരുന്ന സമയത്ത്, പലർ മുഖാന്തിരം അവിടെ സഹായങ്ങൾ എത്തിക്കുവാനും കഴിഞ്ഞു. അങ്ങനെയാണ് മണിപ്പൂരും ഞാനും തമ്മിൽ ഉള്ള ബന്ധം. രണ്ടാം തവണയും പോയി, അത് എങ്ങനെയെങ്കിലും സമാധാനം സംജാതമാക്കുവാൻ കഴിമോ, ആരെയൊക്കെ കണ്ടു കഴിഞ്ഞാൽ സാധിക്കും, എന്ന് അറിയാൻ ആയിരുന്നു. ആദ്യം പോയപ്പോൾ അതിനുള്ള ഒരുക്കങ്ങൾ നടത്തിയിട്ടാണ് വന്നത്. അവിടുത്തെ മെയ്തി, കുക്കിവിഭാഗക്കാർ തമ്മിലുള്ള ആ പ്രശ്നത്തിന് പരിഹാരം അവിടുത്ത നാഗ വിഭാഗം ഇടയ്ക്ക് വന്നു കഴിഞ്ഞാൽ അവരുമായി രണ്ടു വിഭാഗക്കാരേയും ഒരുമിപ്പിക്കാൻ കഴിയുമെന്നുള്ളത് കൊണ്ട് ഏതൊക്കെ നേതാക്കന്മാരെ കാണണം ആ ഉദ്ദേശത്തോടെ കൂടെയാണ് ഇപ്പോൾ പോയത്.

*ആരാണ് മെയ്തികൾ കുക്കികൾ , ആരാണ് നാഗകൾ ഇവർതമ്മിലുള്ള പ്രശ്നം എന്താണ്?*

നാഗകളും കുക്കികളും ട്രൈബൽസാണ് എന്നാൽ മെയ്തികൾ ട്രൈബൽസ് അല്ല, അവർ 300 വർഷം മുൻപ് ഗോത്രവിഭാഗത്തിൽ പെട്ടവരായിരുന്നു. കംഗ്ലീപാക്ക് എന്നാണ് മണിപ്പൂർ നേരത്തെ അറിയപ്പെട്ടിരുന്നത്. സനാമഹിസം എന്നൊരു മതമാണ് അവർ വിശ്വസിച്ചിരുന്നത്. നാട്ട് രാജ്യമായിരുന്ന കംഗ്ലീപാക്ക് എന്ന സ്ഥലത്തേക്ക് 300 വർഷം മുമ്പ് ഒരു സ്വാമിജി വരുകയും, സനാമഹിസത്തിൽ നിന്ന് ആര്യനിസത്തിലേക്ക് അദ്ദേഹം അവരെ മതപരിവർത്തനം ചെയ്യുകയുമായിരുന്നു. ആദ്യത്തെ മതപരിവർത്തനം നടത്തിയത് അവിടുത്തെ രാജാവായിരുന്നു അദ്ദേഹത്തിനു പീതാമ്പരൻ എന്ന പേര് ലഭ്യമായി. അപ്പോൾ ഈ സ്വമിജി അദ്ദേഹത്തിനും മെയ്തികളിലെ നല്ല പങ്കാളികൾക്കും ക്ഷത്രിയ പദവി നല്കുകയും (വൈഷണവർ) 300 വർഷമായി ക്ഷത്രീയ പദവിയിലും വൈഷണവ മാർഗ്ഗത്തിലുമാണ് ഇവർ ജീവിക്കുന്നത്. അങ്ങനെ അതിനകത്തു തന്നെ പല വിഭാഗങ്ങൾ ഉണ്ട് ഇപ്പോൾ മെയ്തികളിൽ തന്നെ പിന്നോക്ക വിഭഗക്കാർ ഉണ്ട്, ബ്രാബിൺസ്, മുസ്ലീംസ് , ഇപ്പോ ഏതാണ്ട് നാല് മുതൽ അഞ്ച് ശതമാനം മെയ്തി ക്രിസ്ത്യൻസും ചേർന്ന ഒരു സമൂഹമാണ്. എന്നാൽ കുക്കികളും നാഗാസും ട്രൈബ്സ് ആണ്.

*രണ്ട് വംശങ്ങൾ തമ്മിലുള്ള തർക്കമാണ് എന്നാണ് ആദ്യം പുറത്ത് വന്നിരുന്നത്, എന്നാൽ ഇപ്പോൾ ക്രിസ്ത്യനീകൾക്കെതിരേയുള്ള പീഡനമാണെന്ന് പറയുന്നു. എന്താണ് ഇതിന്റെ വാസ്തവം ?*

ഇതൊരു വംശീയ കലാപം അല്ല. കാരണം വംശീയ കലാപം ആകണമെങ്കിൽ മെയ്തികളും കുക്കികളും തമ്മിൽ നേരത്തെപ്രശ്നം ഉണ്ടായിരിക്കണം. അവര് വളരെ സമാധാനത്തോടുകൂടെയാണ് ജീവിച്ചിരുന്നത്. ഇതിൽ മറ്റുചില താല്പര്യങ്ങൾ ഉണ്ട്. അതിൽ പ്രധാനപ്പെട്ടത് എക്കോണമിക്കൽ റീസൺസ് ആണ്. സാമ്പത്തിക ഇടപാടുകളാണ്, അതോടൊപ്പം തന്നെ നമ്മൾ കൃത്യമായി മനസ്സിലാക്കേണ്ടത് ഈ ഗോത്ര വർഗ്ഗക്കാർക്ക് 1960 ൽ ഇന്ത്യൻ ഭരണഘടനയിൽ പ്രത്യേകമായൊരു ആനുകൂല്യം കൊടുത്തിട്ട്, ഗോത്രവർഗ്ഗക്കാരുടെ മാത്രമാണ് ഈ ഹിൽ ഏരിയാസ് എന്നുള്ളത് രേഖപ്പെടുത്തിയിട്ടുണ്ട്, അത് ഇന്ത്യൻ ഭരണഘടന അവർക്ക് കൊടുക്കുന്ന സ്വാതന്ത്ര്യമാണ്. മറ്റാർക്കും അവിടെ അതിക്രമിച്ചു കയറുവാൻ സാധിക്കില്ല. 2003 ൽ നടത്തിയ ഒരു സർവ്വേയിൽ അവിടെ ഈ പെട്രോളിയം ഉത്പന്നങ്ങൾ കിട്ടാൻ സാധ്യത ഉണ്ടെന്ന് മനസ്സിലാക്കി, ചില കമ്പിനികൾ വന്ന് പഠനം നടത്തിയപ്പോൾ ധാരാളം ഖനനത്തിനുള്ള സാധ്യത ഉണ്ടെന്ന് മനസ്സിലായി, മാത്രമല്ല വജ്രം അതുപോലെ ധാതുലവണങ്ങൾ എല്ലാം ലഭ്യമാണ് എന്ന് കണ്ടെത്തി. അന്ന് മുതൽ കയ്യേറ്റത്തുനുള്ള ഒരു ആവശ്യകത അവരുടെ മനസ്സിൽ ഉണ്ടായിരുന്നു. കൂടാതെ ഇപ്പോൾ നമുക്ക് അറിയാവുന്നത് പോലെ ഒരു ഏഷ്യൻ റോഡ്വേ പദ്ധതി വന്നിരിക്കുന്നത്. ബർമ്മ എന്നറിയപ്പെട്ടിരുന്ന മ്യാന്മാർറിന്റെ അതിർത്തിയും ഇന്ത്യയുടെ അതിർത്തിയും ചേരുന്ന മൊറെ എന്ന സ്ഥലം ചില കമ്പിനികൾ ഏറ്റെടുക്കാൻ ആഗ്രഹിക്കുന്നുണ്ട് അതിനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. അതിനു തടസ്സമായി നില്ക്കുന്നത് ഈ ഗോത്ര വഗ്ഗക്കാരനാണ്. കാരണം പെട്ടന്ന് അവരുടെ ആ സ്ഥലം കയ്യേറാൻ സാധിക്കുന്നതല്ല. അത്കൊണ്ടാണ് മെയ്തികൾക്ക് ഈ എസ്ടി പദവി കൊടുക്കണമെന്നുള്ള ഒരു ആഗ്രഹമുണ്ടാകുകയും അതിനു വേണ്ടിയുള്ള കരുനീക്കങ്ങൾ നടത്തുകയും, നാലാഴ്ചക്കുള്ളിൽ തന്നെ എസ്ടി വിഭാഗത്തിൽ ഉള്ളവരെ ചേർക്കണമെന്ന് ഹൈക്കോടതി ചീഫ് ജസ്റ്റിസ് മുരളീധരൻ ഓഡർ നൽകുകയും ചെയ്യ്തു. പിന്നീട് ആ ഒരു തീരുമാനത്തിനു സുപ്രീം കോടതി വിലക്കുകയും അദ്ദേഹത്തിനു താക്കീത് നൽകുകയും ചെയ്തിരുന്നു. അതിന്റെ ഒരു പ്രതിഫലനമാണ് അവിടെ സംഭവിച്ച എല്ലാ കാര്യങ്ങളും. അത് ഒരു വംശീയമായിട്ട് എന്നുള്ളതിനെക്കാളും, ഒരു മതപരമായ വിഷയമായി മാറി. ഈ കുക്കികളെ ആക്രമിക്കുകയാണെങ്കിൽ അല്ലെങ്കിൽ മെയ്തികളും കുക്കികളും തമ്മിൽ ആണ് പ്രശ്നമെങ്കിൽ എന്തിനാണ് ഈ മെയ്തി ക്രിസ്ത്യൻസിന്റെ പള്ളികൾ ആക്രമിക്കുന്നത് 251 പള്ളികളും 6 സ്ഥാപനങ്ങളും. 36 മണിക്കൂറ് കൊണ്ട് നശിപ്പിച്ചു.

അപ്പോൾ അത് എന്തിനാണ് എന്നത് അവിടെ ഒരു വിലയ റാലി നടത്തകയുണ്ടായി. മെയ് മൂന്നിനല്ല. അതിനു മുമ്പ് മെയ്തി ക്രിസ്ത്യൻസ് റാലി നടത്തി, റാലി നടത്തരുതെന്ന് കുക്കികളും നാഗ വിഭാഗങ്ങളിലെ അച്ചന്മാരും പറഞ്ഞു എങ്കിലും, അവരുടെ അംഗശക്തി കാണിക്കുവാനും രാഷ്ട്രിയ കളികൾ കാണിക്കുവാനും രണ്ട് ചെറുപ്പക്കാർ, രോഹിത്ത് എന്ന യുവാവും, പിന്നെ ഒരു പാസ്റ്റർ ശാമുവേലിന്റെ മകൻ ഇവർ രണ്ട് പേരും രാഷ്ട്രീയകളികൾക്കു വേണ്ടിയാണ് അങ്ങനെ ഒരു റാലി നടത്തിയത്. അപ്പോൾ മെയ്തി വിഭാഗത്തിലെ 300 വർഷം മുമ്പുള്ള മത

അടുത്ത പേജിൽ തുടർച്ച

മായ സനാമഹിസത്തിലേക്ക് ആളുകളെ മടക്കികൊണ്ടുപോകുവാനായിട്ട് അരമ്പായ് തെങ്ങ്ഗോൽ എന്നൊരു സംഘടന രൂപീകരിച്ചു. അതിന്റെ ഉപജ്ഞാതാവ് അവിടുത്തെ മന്ത്രിമാർ തന്നെയാണ്. അവർക്ക് ഭയമുണ്ടാകുന്നവിധത്തിൽ മതമാറ്റം നടക്കുന്നുണ്ട്. ഒരു വീട്ടിൽ ഒരു ക്രിസ്ത്യാനി കാണും, സനാമഹിസത്തിൽ വിശ്വസിക്കുന്ന ഒരാൾ ഉണ്ടാകും, മറ്റൊരാൾ ഹിന്ദുത്വത്തിൽ വിശ്വസിക്കുന്നവനായിരിക്കും. അങ്ങനെ എല്ലാവരും ഒരുമിച്ച് ജീവിച്ച് വളരെ സന്തോഷമായിട്ട് ജീവിച്ച് പോന്ന വേളയിൽ വേറൊരു കുപ്രചരണം നടത്തി. അതൊരു ക്രൈസ്തവ ഹൈന്ദവ കലാപം ആണെന്ന്, എന്നാൽ അങ്ങനെ അല്ല, അവിടുത്തെ ഹൈന്ദവവർ വളരെ സമാധാന പ്രിയരാണ്. അവർ ഇതിനെ അപലപിക്കുകയാണ്. അവരല്ല ഇതിനു കാരണം അവരാരും ഇതിൽ ഉൾപ്പെട്ടവരല്ല. ഇതിൽ രണ്ട് ഗ്രൂപ്പുകളേ ഉള്ളു, അത് അരമ്പായ് തെങ്ങ്ഗോൽ പിന്നൊന്ന് മെയ്തിലിപൂൾ. ഈ രണ്ട് ഗ്രൂപ്പുകൾ ചേർന്നാണ് പ്രശ്നം സൃഷ്ടിച്ചിരിക്കുന്നത്.

*കലാപത്തിന് പിന്നിൽ മുസ്ലീങ്ങളെയാണ് ലക്ഷ്യം വച്ചിരുന്നതെന്ന് ഇപ്പോൾ പറയുന്നുവല്ലോ?*

ക്രിസ്ത്യനികളെ ലക്ഷ്യം വച്ചായിരുന്നില്ല, ഇത് ജൂൺ 8 നായിരുന്ന പ്ലാൻ ചെയ്തിരുന്നത്. അങ്ങനെയായിരുന്നെങ്കിൽ നമ്മുക്ക് ഊഹിക്കാൻ പോലും കഴിയുന്നതല്ല. എന്തിനാണ് മുസ്ലിങ്ങളെ ലക്ഷ്യം വച്ചിരുന്നതെന്നതിനു, ഇത് ദേശിയതലത്തിൽ തന്നെ ഉള്ള തീരുമാനത്തിന്റെ ഭാഗമാണ്. അപ്പോൾ ഇതിൽ നിന്നും തന്നെ ഭയം ഉണ്ടാകുന്നു. കാരണം സമാധാനമായി കഴിയുന്ന സമൂഹത്തിൽ കലാപം ഉണ്ടാകുന്നത് വേദന നിറഞ്ഞതാണ്. നാഗാസ് എന്നത് ഒരു പ്രബലരായ സമൂഹമാണ് അവർക്ക് മറ്റ് സംസ്ഥാനങ്ങളിൽ പിടിപാട് ഉണ്ട്. അവർ വേറൊരു രാജ്യത്തിനായും പതാകക്കായും വാദിക്കുന്നവരാണ്. അവരെ ഇപ്പോൾ പ്രകോപിപ്പിച്ചാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ വേറെയാണ്. രണ്ടാമത് അവിടുത്തെ മന്ത്രിയുടെ ഭാര്യ നാഗ വിഭാഗത്തിൽ നിന്നുള്ളതാണ്. അപ്പോൾ സ്വഭാവികമായും മുഖ്യമന്ത്രിയേയും മറ്റെല്ലാവരെയും ബാധിക്കും. അത് മാത്രമല്ല അജണ്ടയോടു കൂടി ഒരു കലാപം സൃഷ്ടിക്കുകയണെങ്കിൽ ഒരു വിഭാഗത്തെ മാത്രമല്ല ലക്ഷ്യം വയ്ക്കുന്നത്. അപ്പോൾ അതിന്റെ ഒരു തുടക്കമാണ് ഇവിടെ സംഭവിച്ചത്.

*പിന്നീട് രണ്ട് സ്ത്രീകളെ നഗ്നരാക്കി ഉപദ്രവിച്ച സംഭവം ഉണ്ടായി, എന്താണ് അവിടുത്തെ സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥ?*

കുക്കികൾ വളരെ വിദ്യാസമ്പന്നരാണ്. അവർ വെസ്റ്റേൺ കൾച്ചറിൽ നിന്നും അഡോപറ്റ് ചെയ്തതാണ്, എന്നാൽ മെയ്തികൾ എന്ന് പറഞ്ഞാൽ അവർ ഒരിക്കലും നമ്മുടെ പതാക അഗീകരിക്കുന്നവരല്ല. അവരെ സംബന്ധിച്ചിടത്തോളം ഈ കുക്കികൾ ഒരു ഗോത്ര വർഗ്ഗമാണ്. ക്രിസ്തീയ വിശ്വാസം മെയ്തികളുടെ ഇടയിലേക്ക് കൊണ്ടുവരുന്നത് കുക്കികൾ ആണെന്നാണ് അവരുടെ പരാതി. അപ്പോൾ കുക്കികളാണ് ഈ മെയ്തി ചർച്ചുകൾ പണിതിരിക്കുന്നത്, കുക്കികളോടുള്ള അരിശം കൊണ്ടാണ് ക്രിസ്തീയ പള്ളികൾ പൊളിച്ചിരിക്കുന്നത്. അതുപോലെതന്നെ ഈ പ്രശ്നങ്ങൾ ആരംഭിക്കുന്നതിനു സമയത്ത് കുക്കി സ്ത്രീ ആണെന്ന് കരുതി നാഗ വിഭഗത്തിൽ പെട്ട ഒരു സ്ത്രീയെ വളരെ അധികം ഉപദ്രവിക്കുകയുണ്ടായി. അത് മാത്രമല്ല കലാപത്തിലെ തുടക്കിൽ നടന്ന ഒരു സംഭവം എന്നത് വളരെ ഞെട്ടൽ രേഖപ്പെടുത്തിയതാണ്. ഒരു ജ്യേഷ്ഠത്തിയും അനുജത്തിയും കാർ വാഷ് ജോലിക്കായി കടന്നു പോകുകയും, കലാപം തുടരുന്ന സമയത്ത് അവർ തങ്ങളുടെ മുലാളിയുടെ അടുക്കൽ അഭയത്തിനായി കടന്നു ചെല്ലുകയും. പിറ്റേന്ന് തന്നേ ഈ പെൺകുട്ടികളെ മുതലാളി മെയ്തികൾക്കു കൈമാറുകയും ആ കുട്ടികളെ വളരെ മൃഗീയമായി ഉപദ്രവിക്കുകയും, പീഡിപ്പിക്കുകയും ചെയ്തു. ആ മൃതശരീരങ്ങൾ ഇതുവരെ അടക്കിയിട്ടില്ല. മാത്രമല്ല 112 ശവശരീരങ്ങൾ ചുരാചന്ദ്പുർ എന്ന് അറിയപ്പെടുന്ന ഇപ്പോഴത്തെ ലാംക മെഡിക്കൽകോളജിലും, കംപോപ്പി എന്ന ജില്ലയിലും 112 ശവശരീരങ്ങൾ കിടക്കുകയാണ്. അവിടെ വേണ്ട വിധത്തിലുള്ള മോർച്ചറിക്കുള്ള സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ല.

ഒരു വല്ലാത്ത അവസ്ഥയാണ്. സ്ത്രീകളുടേയും കുട്ടികളുടേയും കാര്യം പറയുമ്പോൾ ഈ കൊച്ച് കുഞ്ഞുങ്ങൾ ചുട്ട് കരിക്കപ്പെട്ടിട്ടുണ്ട്. ആദ്യമായി ഞാൻ അവിടെ ചെന്നപ്പോൾ വളരെ വേദനിപ്പിക്കുന്ന ഒരു സംഭവം, 22 വയസ്സുകാരിയായ ഒരു ടീച്ചർ സഭയുമായി ബന്ധപ്പെട്ട 80 കുട്ടികൾ പഠിക്കുന്ന ആ ഗ്രാമത്തിൽ 124 വീട്ടുകാരുള്ള ആ ഗ്രാമത്തിൽ പെട്രോൾ ഒഴിച്ച് അവിടെ തീയിടുകയും നിരവധിപേർ മരിക്കുകയുമുണ്ടായിട്ടുണ്ട്. എന്നാൽ ഈ ടീച്ചർ ആ കുട്ടികളുമായി അവിടെ നിന്നും ഓടി രക്ഷ പെടുകയും മറ്റൊരു ക്യാമ്പിൽ പോയി അഭയം പ്രാപിക്കുകയും ചെയ്തു. അവിടെ എത്തിയപ്പോൾ ആ കുഞ്ഞുങ്ങളുടെ പലരുടേയും വീട്ടുകരെ നഷ്ടപ്പെട്ടിരിക്കയാണ്, കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

*ഈ വാർത്ത പുറത്തു വരാൻ വൈകുകയാണ്, വാർത്ത വന്നാൽ പോലും അധികാരികൾ വാർത്തയെ പുറത്ത് വിടാൻ തടസങ്ങൾ സൃഷിടിക്കുന്നു. എന്താണ് ഇതിനു കാരണങ്ങൾ ?*

അവിടെ ഇന്റർനെറ്റില്ല, മൂന്നാം തീയതി രാത്രി മുതൽ ഇന്റർനെറ്റ് വിച്ഛേദിച്ചു. സത്യം പുറത്ത് വരരുത് എന്ന് ആഗ്രഹിക്കുന്നവരാണ് ഇത് ചെയ്യുന്നത്. അവർക്ക് ചില അജണ്ടകൾ! ഉണ്ടെന്നാതാണ് ഇതിനു കാരണം. അവർ ആവശ്യമയാ വാർത്തകൾ ചമയ്ക്കുന്നുണ്ട് എന്നുള്ളതാണ് വേറൊരു കാര്യം. അതുകൊണ്ടുതന്നെ ഇപ്പോഴും അത് ആളിക്കത്തിക്കൊണ്ടിരിക്കുകയാണ്. മെയ്തികളുടെ ഉള്ളിൽ കുക്കികളെക്കുറിച്ച് പക ഉളവാക്കുന്ന വാർത്തകളാണ് പുറത്തു വരുന്നത്. യാഥാർത്യമായിട്ട് യാതൊരു ബന്ധവുമില്ല. പക്ഷെ ആളുകൾക്കു കിട്ടുന്ന വാർത്ത ഇതാണ്. സ്ത്രീകളെ ഉപദ്രവിച്ച ആ ഗ്രാമത്തിൽ ഞങ്ങൾ പോകുകയുണ്ടായി, അവിടെ ഗ്രാമവാസികൾ ഞങ്ങളെ സ്കെച്ചു ചെയ്തു, ഞാനും ഡോ.ബാബു വർഗ്ഗീസ് സാറും ചേർന്നാണ് പോയത്, ഞങ്ങളുടെ കൂടെ മീഡിയ ഉണ്ടായിരുന്നു. ഇതിൽ ആ മുന്ന് സ്ത്രീകളെ പിടിച്ചു കൊണ്ട് പോയ സമയത്ത് ഒരു സ്ത്രീ രക്ഷപ്പെട്ടത് അടുത്തുള്ള നാഗാ ഗ്രാമത്തിലേക്ക് ഓടിപോയത് കൊണ്ടാണ്. അതേ ഗ്രാമത്തിൽ 7 പേർ വെന്ത് മരിച്ച ആ ശവങ്ങൾ അടക്കുവാൻ അനുവദിക്കാതെ, നായ്ക്കൾ ആ ശവശരീരം കടിച്ചു തിന്നുകയാണ് ഉണ്ടാത്. ഇത്രയും ക്രൂരത നിറഞ്ഞ ഒരു കാലാപം ഇതിൽ നിന്നും ഒരു മോചനം നേടിക്കൊടുക്കണം എന്നു അവിടുത്തെ ഭരണകൂടം നിശ്ചയിക്കുന്നില്ലെങ്കിൽ അതിന്റെ പിന്നിൽ എന്താണ് ഉള്ളത്.

*മണിപ്പൂർ മുഖ്യമന്ത്രിയുടെ ഇപ്പോഴത്തെ നിലപാട് എന്താണ് ?*

മണിപ്പൂർ മുഖ്യമന്ത്രി എന്ന് ഇപ്പോൾ പറയാൻ പറ്റില്ല. കാരണം കുക്കികൾ ഇപ്പോൾ അവരിൽ നിന്നും ഭരണം ഒക്കെ വിച്ഛേദിച്ചുകൊണ്ട് വേർപിരിഞ്ഞു. മുഖ്യമന്ത്രിക്ക് സഭ കൂടാനോ അവർക്കായി ഒന്നും ചെയ്യാനോ കഴിഞ്ഞിട്ടില്ല, മറ്റ് മന്ത്രിമാർ തന്നെ കൂടെ നിലക്കുന്നില്ല.

*കലാപത്തിനു പിന്നിൽ എന്തെങ്കിലും ബിസിനസ് താലപര്യം ഉണ്ടോ?*

തീർച്ചയായും , പെട്രോളിയം, വജ്ര ഖനനം, അങ്ങനെയൊക്കെയുള്ള ബിസിനസിനു സാധ്യത വളരെ ആണ്. കൂടാതെ മുറെ എന്നു പറയുന്നത് ഏഷ്യയിൽ നിന്നും ഇന്ത്യയിലേക്കുള്ള ഒരു പ്രധാന കവാടം ആണ്. അതുകൊണ്ടു തന്നെയാണ് അവിടം സിംഗപ്പൂർ പോലെ ആക്കണം എന്ന് പ്രധാനമന്ത്രി പോലും പറഞ്ഞത്. അപ്പോൾ സിംഗപ്പൂർ പോലെ മണിപ്പൂർ ആകണമെങ്കിൽ പൂർണ്ണമായും അധികാരം ഇവരുടെ കയ്യിൽ കിട്ടണം.

*വടക്കേ ഇന്ത്യയിലെ സുവിശേഷ പ്രവർത്തനത്തിനെതിരെ പ്രവർത്തിക്കുന്ന സംഘപരിവാർ തന്നെയാണോ ഇതിനു പിന്നിൽ അവിടെ അമ്പലങ്ങൾ ആക്രമിക്കപ്പെട്ടിട്ടുണ്ടോ ?*

മൂന്ന് അമ്പലങ്ങൾ ആക്രമിക്കപ്പെട്ടതായി പറയുന്നു. കുക്കികളോട് ഈ കാര്യത്തെപ്പറ്റി ഞാൻ ചോദിച്ചു. കുക്കികൾ മെയ്തികളുടെ ചില വീടുകൾ നശിപ്പിച്ചിട്ടുണ്ട്, ചില ഗ്രാമങ്ങൾ നശിപ്പിച്ചിട്ടുണ്ട്. അവരോട് ഞാൻ സംസാരിക്കുകയും ശകാരിക്കുകയും ചെയ്തപ്പോൾ , അവർ പ്രാണരക്ഷാർത്ഥമാണ് ഇത് ചെയ്യതെന്ന് പറയുന്നു. മൊറെയിൽ ചെന്ന് അവിടുത്തെ അധികാരികളോടു സംസാരിച്ചപ്പോൾ അവർ പറ!ഞ്ഞത് രക്ഷപെടാൻ പഴുത് നൽകിക്കൊടുക്കുകയും, പിന്നീട് ആണ് തീ ഇടുകയും ചെയ്തത് എന്നാണ്. എന്തിനാണ് ഇങ്ങനെ ചെയ്തത് എന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞത് !ഞങ്ങൾ അത് ചെയ്തിരുന്നില്ല എങ്കിൽ ഞങ്ങൾക്ക് ജീവിക്കാൻ കഴിയില്ല എന്നാണ് പറഞ്ഞത്. എന്നാൽ ഇനിയും അവർ അത് ആവർത്തിക്കില്ല എന്ന് ഉറപ്പ് നൽകി. കാങ്പൊക്പിയിൽ കടന്നു പോയി യുണൈറ്റഡ് നാഗ കൗൺസിലുമായി കൂടിക്കാഴ്ച നടത്തി. ഇവരെ എങ്ങനെ നമുക്ക് ഒരുമിച്ച് കൊണ്ടുവരാം എന്നുള്ളതിനെക്കുറിച്ചു ചർച്ച നടത്തുകയും, അത് കുക്കികളും സമ്മതിച്ചിട്ടുണ്ട്.

മെയ്തി സിവിലിയൻ ഓർഗനൈസേഷൻ സെക്രട്ടറിയുമായും ചർച്ച നടത്തി. അരംബായ് തൻഗോൽ അതുപോലെ മെയ്തി ലിപ്പോൺ എന്ന ഗ്രൂപ്പും ചേർന്നാണ് കലാപം സൃഷ്ടിച്ചിരിക്കുന്നത്. അല്ലാതെ വേറെ ആരും ഇതിൽ പങ്കാളികൾ അല്ല. വേറൊരു സങ്കടകരമായ കാഴ്ച എന്റെ സുഹൃത്ത് അച്ചൻ ഇൻഫാലിലേക്കു പോകുമ്പോൾ മെയ്ത്തി സഹോദരിമാർ തടഞ്ഞു നിർത്തി, അദ്ദേഹം നാഗ ട്രൈബിൽപ്പെട്ട ആളാണ് , ആരാണ് നിങ്ങൾക്ക് ഇതിനുള്ള അധികാരം നല്കിയത് നിങ്ങൾ എന്തിനാണ് റോഡ് തടയുന്നത് എന്ന് ചോദിച്ചതിനു മറുപടിയായി അവർ പറഞ്ഞത് ‘ഇത് ഞങ്ങൾ ചെയ്തില്ലെങ്കിൽ ഞങ്ങൾ പിഴ അടയ്ക്കണം എന്ന് പറഞ്ഞു. ഇതിൽ പങ്കെടുത്താൽ പിഴ അടയ്ക്കണ്ട ഇത് തൊഴിലുറപ്പുമായി ബന്ധപ്പെടുത്താം’ അത്കൊണ്ടാണ് നമ്മൾ പറയുന്നത് ഇതിൽ സർക്കാരിന്റെ ഇടപെടൽ ഉണ്ട്. സർക്കാർ ഇത് അറിഞ്ഞുകൊണ്ട് ചെയ്യുന്നതാണ്. നിസ്സാര കാര്യങ്ങൾക്കു വാക്കു തർക്കം സൃഷ്ടിക്കുകയും ലഹള ഉണ്ടാക്കുകയും ചെയ്യുകയാണ്.

*കലാപകാരികൾക്ക് ആയുധങ്ങൾ എവിടെ നിന്നാണ് ലഭിക്കുന്നത് ?*

ആദ്യത്തെ ദിവസങ്ങളിൽ രണ്ട് സംഭവങ്ങൾ നടന്നു 24 മണിക്കൂറിനുള്ളിൽ 5000 അരാംഭായ് തൻഗോൽ, മെയ്തി ലീപൂൺ എന്ന് പറയുന്നവർക്ക് അവിടുത്തെ മണിപ്പൂർ പോലീസ് കമാൻഡർസിന്റെ യൂണിഫോം തയിച്ചു കൊടുത്തു. മറ്റ് ആവശ്യവസ്തുക്കൾ അവിടെ നിന്നും എടുത്തുകൊണ്ട് പോകാൻ അനുവാദം കൊടുത്തു.

*ഇന്ത്യ ഇപ്പോൾ ലോകത്തിനു മുമ്പിൽ നാണം കെട്ടില്ലേ?*

ഇന്ത്യ ലോകത്തിനു മുമ്പിൽ ചർച്ചാ വിഷയമായി. നാണം ഉള്ളവർക്കെ നാണക്കേട് ഉണ്ടാകു. ഈ വിഷയം എത്രയോ കുടുംബങ്ങൾക്കും കുട്ടികൾക്കും എന്തെല്ലാം നഷ്ടപ്പെട്ടു. 2 വയസ്സുള്ള കുഞ്ഞുങ്ങൾ മരിച്ചു, വയോധികരായുള്ളവർ, ഗർഭിണികൾ, ഇനി പഴയത് പോലെ ആകണമെങ്കിൽ കുറേ നാളുകൾ വേണ്ടി വരും. എത്രയോ നാശനഷ്ടങ്ങൽ ആണ് ഉണ്ടായിരിക്കുന്നത്. ഈ കലാപം ഉണ്ടാക്കിയവർ ആരാണെങ്കിലും അവരെ നിയമത്തിനു മുന്നിൽ കൊണ്ട് വരണം.

*മൃതദേഹങ്ങൾ സംസ്കരിച്ചിട്ടില്ല എന്നു പറഞ്ഞല്ലോ. എന്താണ് ?*

അവർ പറയുന്നത് അവർക്ക് നീതി വേണം ഗവൺമെന്റിൽ നിന്നും, അത് ലഭിക്കാതെ ശവങ്ങൾ സംസ്കരിക്കാൻ സമ്മതിക്കില്ല എന്നാണ് പറയുന്നത്.

*കേരളത്തിലെ ക്രൈസ്തവസഭ ഈ വിഷയത്തിൽ എന്ത് ചെയ്യണം കേരളത്തിലെ അവസ്ഥ എന്തായിത്തീരും ?*

കേരളത്തെ രാഷ്ര്ടീയപരമായി ഇത് ബാധിക്കുകയില്ല. കേരളത്തിലെ ക്രൈസ്തവ സഭക്ക് വലിയൊരു ഉത്തരവാദിത്വമുണ്ട്. ഭാരത സുവിശേഷികരണത്തിനു വേണ്ടി പ്രാർത്ഥിക്കുക, കൈകോർക്കുക അല്ലാതെ വർഗ്ഗീയ ധ്രുവീകരണത്തിനല്ല, ക്രൈസ്തവരുടെ ലക്ഷ്യം ഈ ലോകം അല്ല, മറിച്ച് സ്വർഗ്ഗീയമാണ്. അപ്പോൾ അത്തരമൊരു കാഴ്ചപ്പാട് പകർന്നു കൊടുക്കുന്നവരാണ് കേരളീയ ക്രൈസ്തവർ. അത് എങ്ങനെ നടത്തിയെടുക്കാൻ അനുയോജ്യമായ സർക്കാർ കടന്നുവന്നെങ്കിൽ മാത്രമേ അതിനൊക്കെ സാധിക്കയുള്ളു, ക്രൈസ്തവർ എപ്പോഴും രാജ്യഭരണാധികളോട് ചേർന്ന് പ്രവർത്തിക്കുന്നവരാണ്. നമ്മുടെ ലക്ഷ്യം ഒരുമിച്ച് രാജ്യത്തെ വളർത്തുക എന്നുള്ളതാണ്, അപ്പോൾ അതിൽ ജാതി മത വിവേചനം ഇല്ല. ക്രൈസ്തവർ സ്നേഹവും സമാധാനവും സൃഷിക്കുന്നവരാണ്. മണിപ്പൂരിനായും അവിടുത്തെ കുഞ്ഞുങ്ങൾക്കായും പ്രാർത്ഥിക്കാം.

# മണിപ്പൂർ കലാപത്തിന്റെ മൂലകാരണങ്ങൾ



**ഇടതുവലതു മുന്നണി രാഷ്ട്രീയക്കാരുടെ ഒത്താശയോടെ, ന്യൂനപക്ഷ പ്രീണനം ഒരു വശത്തു ശക്തിപ്രാപിക്കുകയാണ്. അതിനോടുള്ള സ്വാഭാവീക പ്രതിരോധമെന്ന വ്യാജേന, ഭൂരിപക്ഷ തീവ്രവാദ പ്രസ്ഥാനങ്ങളോട് കേരളത്തിലെ ക്രിസ്തീയ നേതൃത്വം താത്ക്കാലിക ലാഭത്തിനുവേണ്ടി കാണിക്കുന്ന ചായ്‌വ് ആത്മഹത്യാപരമാണ് എന്നത് നിസ്തർക്കമാണ്.**

ഇപ്പോൾ മണിപ്പൂരിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന മനുഷ്യത്വരഹിതമായ കൊലയും കൊള്ളിവയ്പും ദശാബ്ദങ്ങളായി അവിടെ നിലനില്ക്കുന്ന ഗോത്ര വൈരത്തിന്റെ ഒരു വിസ്പോടനം മാത്രമാണെന്ന ഔദ്യോഗീക ഭാഷ്യം വിശ്വാസയോഗ്യമല്ല തന്നെ. ഒരുവശത്ത് ആക്രമണത്തിന് ഇരകളായവരിൽ ഭൂരിപക്ഷവും പർവ്വതവാസികളും ക്രിസ്തീയ വിശ്വാസികളുമായ കുക്കി ഗോത്ര വർഗ്ഗക്കാരും താഴ്വരയിലെ മെയ്തേയ് ക്രിസ്ത്യാനികളുമാണ്. എന്നാൽ കലാപത്തിന് നേതൃത്വം കൊടുക്കുന്ന മറുവശത്തുള്ള മെയ്തേയി വിഭാഗത്തിൽപ്പെട്ടവർ, മണിപ്പൂരിലെ പഴയ രാജവംശത്തിൽപ്പെട്ടവരും ഉയർന്ന ജാതിക്കാരുമായ , സനാമഹി മതവിശ്വാസികളും ഹൈന്ദവരുമാണ്.

മണിപ്പൂരിൽ ഭൂരിപക്ഷമുള്ള ഉപരിവർഗ്ഗ വിഭാഗമായ മെയ്തേയികൾ, സ്വാതന്ത്ര്യാനന്തരം ഗോത്രവർഗ്ഗ സംവരണം നിരസിച്ചവരാണ് എന്നതാണ് യാഥാർത്ഥ്യം. എന്നാൽ പിന്നീട് സാമ്പത്തിക ലക്ഷ്യത്തോടെ തങ്ങളേയും സംവരണത്തിന് അവകാശമുള്ള ഗോത്രവർഗ്ഗത്തിൽ (ടഠ പട്ടികവർഗ്ഗം) പെടുത്തണമെന്ന ആവശ്യവുമായി ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. സംവരണം കോടതിയുടെ അധികാര പരിധിയിൽ വരുന്ന വിഷയമല്ലെങ്കിലും, ഇക്കാര്യത്തിൽ ആവശ്യമായത് ചെയ്യാൻ സർക്കാരിനോട് ഹൈക്കോടതി നിർദ്ദേശിച്ചതാണ്, ഇപ്പോഴത്തെ കലാപത്തിന് വഴിമരുന്നിട്ടതുതന്നെ.

ഗോത്രവർഗ്ഗത്തിൽ (ST) പെട്ടവർക്ക് പ്രത്യേക സംവരണവും, സാമ്പത്തിക ആനുകൂല്യങ്ങളും സംരക്ഷണവും നല്കുന്ന നയം ബ്രീട്ടീഷ് ഭരണത്തിൻ കീഴിലായിരുന്നപ്പോഴും ഉണ്ടായിരുന്നതാണ് എന്നതിന് ചരിത്ര രേഖകളുണ്ട്. പിന്നീടു 1972 ൽ മണിപ്പൂർ സംസ്ഥാനം രൂപീകരിച്ചതു മുതൽ ഈ സംവരണം പതിറ്റാണ്ടുകളായി പിന്തുടർന്നു വന്നിരുന്നതുമാണ്. കോടതി ഇടപെടലിനോടൊപ്പം നേരത്തേ തന്നെ ഉണ്ടായിരുന്നതും ആഖജ ഭരണം 2017ൽ തുടങ്ങിയപ്പോൾ മുതൽ ശക്തമായതുമായ ചില രാഷ്ട്രീയ സാമ്പത്തിക പ്രശ്നങ്ങളുമൊക്കെ എരിതീയിൽ എണ്ണയൊഴിക്കുന്ന സാഹചര്യമൊരുക്കുകയായിരുന്നു.

തങ്ങളുടെ സംവരണാവകാശത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ഉണ്ടായ കോടതി നിർദ്ദേശത്തെത്തുടർന്ന് സർക്കാർ നടത്തിയ ചടുല നീക്കങ്ങളാണ് പ്രശ്നം വഷളാക്കിയത്. ഇതിനെതിരെ, ഗോത്രവർഗ്ഗ വിദ്യാർത്ഥി സംഘടനകൾ, സമാധാനപരമായി നടത്തിയ പ്രതിഷേധ റാലിക്കിടെ, മെയ് 3-ാം തിയതി കരുതിക്കൂട്ടി ഉണ്ടാക്കിയ അക്രമമാണ്, ഇപ്പോഴത്തെ കലാപത്തിന് തുടക്കം കുറിച്ച ആദ്യ സംഭവം. വ്യക്തമായ മുന്നൊരുക്കത്തോടെ മെയ്ത്തേയികൾ അന്നു തുടങ്ങിയ കൊലയും കൊള്ളിവയ്പും മൂന്നു മാസമാകുമ്പോഴും ഇപ്പോഴും തെല്ലും ശമിക്കാതെ തുടരുകയാണ്.

## മണിപ്പൂർ കേരളത്തിനും ഒരു പാഠമാണ്.

മണിപ്പൂരിലെ വംശഹത്യ (ethnic cleansing) മുമ്പ് ഇസ്ലാമിക രാജ്യങ്ങളിലും, ജർമ്മനിയിൽ ഹിറ്റ്ലറിന്റെ നേതൃത്വത്തിലും നടന്ന ന്യൂനപക്ഷ പീഡനങ്ങൾക്കും നരഹത്യകൾക്കും സമാനമാണെന്ന്, പുറത്തുവരുന്ന രഹസ്യവിവരങ്ങൾ വ്യക്തമാക്കുന്നു. ഭരണകൂടത്തിന്റെ ഒത്താശയോടെയും നീതിപീഠത്തിന്റെ പരോക്ഷ സഹായത്തോടെയും, മുൻകൂട്ടി തയ്യാറാക്കിയ പദ്ധതിയാണ് മണിപ്പൂർ കലാപം എന്ന് വ്യക്തമായി ക്കൊണ്ടിരിക്കുകയാണ്.

മുമ്പ് ഒറീസ്സയിലെ കന്ധമാളിലും അടുത്തകാലത്ത് നാരായൺപൂരിലും മറ്റു പലയിടങ്ങളിലും അരങ്ങേറിയത് മണിപ്പൂരിന്റെ ചെറുപതിപ്പുകളും പരീക്ഷണ ശാലകളുമായിരുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഗോവയും കേരളവുമൊക്കെ അടുത്ത പട്ടികയിലുണ്ടെന്നതിനുള്ള തെളിവുകൾ പുറത്തുവരുന്നുണ്ട്. ഗുജറാത്തിലും അയോദ്ധ്യയിലും വിജയകരമായി നടപ്പിലാക്കിയ പദ്ധതികൾ, മറ്റു ന്യൂനപക്ഷങ്ങൾക്കെതിരേയും വിജയിച്ചാൽ, ഹിന്ദു രാഷ്ട്രമെന്ന അവരുടെ ആത്യന്തിക ലക്ഷ്യത്തിലേക്കു ഒരു പടികൂടി മുന്നേറുവാൻ കഴിഞ്ഞേക്കും.

ഇടതുവലതു മുന്നണി രാഷ്ട്രീയക്കാരുടെ ഒത്താശയോടെ, ന്യൂനപക്ഷ പ്രീണനം ഒരു വശത്തു ശക്തിപ്രാപിക്കുകയാണ്. അതിനോടുള്ള സ്വാഭാവീക പ്രതിരോധമെന്ന വ്യാജേന, ഭൂരിപക്ഷ തീവ്രവാദ പ്രസ്ഥാനങ്ങളോട് കേരളത്തിലെ ക്രിസ്തീയ നേതൃത്വം താത്ക്കാലിക ലാഭത്തിനുവേണ്ടി കാണിക്കുന്ന ചായ്‌വ് ആത്മഹത്യാപരമാണ് എന്നത് നിസ്തർക്കമാണ്. ഇത് തിരിച്ചറിയുവാൻ മണിപ്പൂരിലെ ക്രിസ്ത്യാനികളുടെ ഇപ്പോഴത്തെ അനുഭവങ്ങൾ മാത്രം മതിയാവും. മതരാഷ്ട്രവാദികളുടെ ഈ കുത്സിത തന്ത്രങ്ങൾ മനസ്സിലാക്കി കേരള ജനത ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ, മണിപ്പൂർ ഇവിടേയും ആവർത്തിക്കപ്പെടുക തന്നെ ചെയ്യും.



**തയ്യാറാക്കിയത്**
Adv Johny J Kallan, Kottayam.

ലേഖകൻ ജൂൺ മാസത്തിൽ രണ്ട് കോൺഗ്രസ് MP മാരോടൊപ്പം മണിപ്പൂർ സന്ദർശിച്ചിരുന്നു

## ക്രിസ്തീയ വിശ്വാസികൾക്കും ഇതൊരു മുന്നറിയിപ്പ്.

മണിപ്പൂർ പ്രശ്നത്തിന്റെ പിന്നിൽ സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തീകവുമായ പല വിഷയങ്ങളുണ്ട് എന്ന് മണിപ്പൂരിന്റെ മുൻകാല ചരിത്രംതന്നെ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചില ആത്മീയ വിഷയങ്ങൾകൂടി ഇതിനിടയിലുണ്ട് എന്ന് അവിടുത്തെ സഭാചരിത്രം പഠിച്ചാൽ മനസ്സിലാകും. ഒന്നേകാൽ നൂറ്റാണ്ടു മാത്രം പാരമ്പര്യമുള്ളതും, പ്രധാനമായും ഗോത്രവർഗ്ഗങ്ങൾക്കിടയിൽ മാത്രം വേരുകളുള്ളതുമാണ് മണിപ്പൂർ സഭ.

ഏറ്റവും പ്രബലമായ ബാപ്റ്റിസ്റ്റ് സഭയോടൊപ്പം പ്രസ്ബിറ്റീരിയൻസ്, കത്തോലിക്കർ, ബ്രദറൻ പെന്തക്കോസ്ത് തുടങ്ങിയ സഭകളും അവിടെയുണ്ട്. ഒരു നൂറ്റാണ്ടു പിന്നിട്ടപ്പോൾത്തന്നെ നാമധേയ കൂട്ടങ്ങളായി മാറിയ മിക്ക സഭകൾക്കുള്ളിലും കിടമത്സരങ്ങളും വർഗ്ഗീയ ചേരിതിരിവും പുത്തരിയായിരുന്നില്ല. അടുത്ത കാലംവരെ കുക്കി നാഗാ ഗോത്രങ്ങൾ തമ്മിൽ സായുധ സംഘട്ടനങ്ങൾ തുടർക്കഥയായിരുന്നു. ഒപ്പം ഭക്തിയുടെ ശക്തിയെ ത്യജിച്ച് ബാഹ്യമായ വേഷം കെട്ടലുകളും അവിടെ സുവ്യക്തമായിരുന്നു. മടങ്ങി വരവിനായുള്ള ഒരു ബാലശിക്ഷയായും ഈ പീഢനങ്ങളെ കാണുന്നതിലും തെറ്റില്ലതന്നെ.

യുഗാന്ത്യത്തിന്റെ മുന്നോടിയായി ഇസ്രായേലിനേപ്പറ്റിയുള്ള ബൈബിൾ പ്രവചനങ്ങളുടെ പൂർത്തീകരണവും ഇവിടെ നമുക്കു കാണാം. സഹസ്രാബ്ദങ്ങളായി ലോകം മുഴുവൻ ചിതറിപ്പാർക്കുന്ന ഇസ്രായേൽ ഗോത്രങ്ങൾ പ്രവചനപ്രകാരം, ഇസ്രായേൽ രാഷ്ട്രം രൂപീകൃതമായ 1948 മുതൽ പലസ്തീനിലേക്ക് മടങ്ങി എത്തിക്കൊണ്ടിരിക്കുകയാണ്.
മണിപ്പൂരിലെ പ്രശ്നങ്ങൾ ആരംഭിച്ചതും ഏറ്റവും കൂടുതൽ പീഢനവുമുണ്ടായതുമായ ചുരാചരന്ദ്പൂർ ജില്ലയിൽ, ഒമ്പതിനായിരത്തോളം ഇസ്രായേൽ വംശത്തിൽപ്പെട്ട മനെശ്ശെ ഗോത്രക്കാർ ഉള്ളതായി പറയപ്പെടുന്നു.

ലക്ഷക്കണക്കിന് യഹുദന്മാർ അധിവസിച്ചിരുന്ന യുക്രെയിനെന്ന രാജ്യം റഷ്യ എന്ന രാജ്യത്തോടാണ് എതിർക്കുന്നതെങ്കിൽ, മണിപ്പൂരിൽ അത് ജാതികൾ തമ്മിൽത്തമ്മിലാണ് എന്നുമാത്രം. രണ്ടിടത്തു നിന്നും എല്ലാം നഷ്ടപ്പെട യഹൂദന്മാർ ഇതാ ഇസ്രായേലിലേക്ക് മടങ്ങിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന റഷ്യ യുക്രെയിൽ യുദ്ധവും, മണിപ്പൂർ കലാപവുമൊക്കെ യഹൂദന്മാരുടെ മടങ്ങി വരവിനുള്ള ഒരു ദൈവീക പദ്ധതിയാണോ എന്നാർക്കറിയാം. ഒപ്പം ക്രിസ്തീയ വിശ്വാസികൾക്ക് കർത്താവിന്റെ രണ്ടാം വരവിനേപ്പറ്റിയുള്ള ഒരു മുന്നറിയിപ്പും, വീണ്ടെടുപ്പിന് ഒരുങ്ങാനുള്ള ഒരു ചൂണ്ടുപലകയുമാകാം മണിപ്പൂർ.

CNL7 MEDIA
Vol. 2 Issue 175
CHRISTIANLIVE DAILY
28 Friday
Pages 5
544

